## പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ വല്ലാർപാടം പനമ്പുകാട് അംബേദ്കർ വില്ലേജിന്റെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)

## മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ വല്ലാർപാടം പനമ്പുകാട് അംബേദ്കർ വില്ലേജിന്റെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

20/2016.

# ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന .. v

ആമുഖം .. vii

റിപ്പോർട്ട് ..

അദ്ധ്യായം I : റിപ്പോർട്ട് .. 1

അദ്ധ്യായം II : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ .. 1

അദ്ധ്യായം III : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും .. 17

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി

# (2014-16)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

## ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 14-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 16.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ട് (എറണാകുളം ജില്ലയിലെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ വില്ലേജിന്റെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച്) 2012 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ എറണാകുളം ജില്ലയിലെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ വില്ലേജിന്റെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച 10 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

2. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ കോപ്പികൾ 5-5-2012-ൽ സർക്കാരിലേക്ക് അയച്ചുകൊടുക്കുകയും റിപ്പോർട്ടിലെ ശിപാർശയിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുമുണ്ടായി. അതിൻപ്രകാരം വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ സമിതിയുടെ 13-8-2014, 25-2-2015, 9-8-2015, 15-9-2015, 7-10-2015, 12-11-2015 എന്നീ തീയതികളിലെ സമിതി യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിൽ ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു. സമിതി അധികവിവരം ആവശ്യപ്പെടുകയും മറുപടി ലഭ്യമാക്കാത്തതുമായ ശിപാർശ, ആയത് സംബന്ധിച്ച സമിതിയുടെ തുടർശിപാർശ എന്നീ വിശദാംശങ്ങൾ അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളെ സൂചിപ്പിക്കുന്നു.)

### ശിപാർശ നമ്പർ 1 (ഖണ്ഡിക 4)

സംസ്ഥാന സർക്കാരിന്റെ കൃഷി വിജ്ഞാനകേന്ദ്രം, ഫിഷറീസ് വകുപ്പ് എന്നിവയുടെ മേൽനോട്ടത്തിൽ ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ച പ്രസ്തുത പാടങ്ങളിൽ നിയന്ത്രണവിധേയമായി മാത്രം ഉപ്പുവെള്ളം കയറ്റിഇറക്കി ചെമ്മീൻ/മത്സ്യകൃഷി

വ്യാപിപ്പിക്കുന്നതിനും അത് പ്രദേശവാസികൾക്ക് ഒരു ജീവിതമാർഗ്ഗമാക്കി മാറ്റുന്നതിനുള്ള നടപടികൾ കൃഷി/മത്സ്യബന്ധന വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ മറുപടി</u>

(27-7-2013-ലെ 7442/സി1/12/മതുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മുളവുകാട് പഞ്ചായത്തിലെ പനമ്പുകാട് പ്രദേശത്ത് പഞ്ചായത്തിന്റെ അധീനതയിലുള്ള ഏഴോളം തോടുകളിൽനിന്ന് സ്ല്യൂയിസുകൾവഴി വെള്ളം കയറ്റിയിറക്കി 600 ഏക്കറോളം വരുന്ന നിലങ്ങളിൽ പരമ്പരാഗത ചെമ്മീൻ കൃഷി നിലവിൽ നടന്നുവരുന്നുണ്ട്. കായലിൽ നിന്ന് ഈ തോടുകളിലേക്ക് വെള്ളം കയറ്റുന്നതിന് നിലവിൽ ഒരു പുറം ബണ്ട് ഉണ്ട്. അതിന്റെ ഉയരം 2 മീറ്റർ ഉയർത്തി ബണ്ടിന്റെ നിലവിലുള്ള കേടുപാടുകൾ തീർത്ത് അതിൽ നിലവിലുള്ള സ്ല്യൂയിസ് മെയിന്റനൻസ് നടത്തി പുനഃക്രമീകരണം നടത്തി ക്രമീകരിച്ചാൽ വൃശ്ചിക വേലിയേറ്റംമൂലവും മറ്റുരീതിയിലുള്ള വെള്ളപ്പൊക്കംമൂലവും കൃഷിസ്ഥലങ്ങൾ ബണ്ട് കവിഞ്ഞ് ഒഴുകി കൃഷിനാശം സംഭവിക്കാതിരിക്കാനും സഹായിക്കും. പുറം ബണ്ടിൽ നിന്ന് കയറി വരുന്ന ഓരു ജലം തോടുകൾ വഴി പാടത്തേക്ക് കയറ്റുന്നത് നിലവിൽ നാലോളം കോൺക്രീറ്റ് സ്ല്യൂയിസുകൾ വഴിയാണ്. ഇവ നീക്കം ചെയ്ത് ഉയരം കൂട്ടി പുതിയവ നിർമ്മിച്ചാൽ മാത്രമേ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. പാടങ്ങളിലേയും തോടുകളിലേയും ആഴം വേണ്ടത്ര കൂട്ടി 1.5 മീറ്റർ മുതൽ 3 മീറ്റർ വരെ ക്രമീകരിച്ചാൽ വെള്ളപ്പൊക്കം നിയന്ത്രിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കാം. മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ കണ്ടൽക്കാടുകൾ സംരക്ഷിക്കപ്പെടേണ്ടതുമുണ്ട്. മുളവുകാട് പഞ്ചായത്തിലെ പനമ്പുകാട് പ്രദേശത്ത് ചെമ്മീൻ/മത്സ്യകൃഷി നടപ്പാക്കുന്നതിനും, മത്സ്യകൃഷിയുടെ സംരക്ഷണ ത്തിനായുള്ള റിംഗ് ബണ്ട് നിർമ്മിക്കുന്നതിനുംവേണ്ടി മുളവുകാട് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പ്രഥമ കൂടിയാലോചന യോഗം 24-5-2013-ൽ പനമ്പുകാട് വായനശാലയിൽവെച്ച് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് എറണാകുളം ജില്ലയിലെ തീരദേശ വികസന കോർപ്പറേഷന്റെ എഞ്ചിനീയർമാർ സ്ഥലം സന്ദർശിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(13-8-2014-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 2 (ഖണ്ഡിക 7)</u>

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പനമ്പുകാട് പ്രദേശം സന്ദർശിച്ച വേളയിൽ സമിതിക്ക് ബോദ്ധ്യമായത് GIDA വിഭാവനം ചെയ്തിട്ടുള്ളതും എറണാകുളം ഡെപ്യൂട്ടി ടൗൺ പ്ലാനർ സമിതി മുമ്പാകെ വെളിപ്പെടുത്തിയതുമായ 19 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതും ദ്വീപിന് ചുറ്റുമായി പരിരക്ഷ ബണ്ട് നിർമ്മിച്ച് പണിയാൻ പദ്ധതിയിട്ടിട്ടുള്ളതുമായ റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണത്തിലൂടെ മാത്രമേ ഈ പ്രദേശത്തുള്ളവരുടെ യാത്രാക്ലേശത്തിനും ദ്വീപിനകത്തേക്ക് വേലിയേറ്റസമയത്ത് കയറുന്ന അനിയന്ത്രിതമായ ഉപ്പുവെള്ളത്തിന്റെ പ്രവാഹത്തിനും ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂവെന്നാണ്. ആയതിനാൽ പ്രസ്തുത റിംഗ് ബണ്ട് റോഡിന്റെ പണി അടിയന്തരമായി ചെയ്തുതീർക്കാനുള്ള നടപടി തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ ഭാഗത്ത് നിന്നുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(25-6-2013-ലെ 65069/ഡിഎ 3/11/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പനമ്പുകാട് പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി GIDA നടപ്പിലാക്കുന്ന റിംഗ് ബണ്ട് റോഡ് നിർമ്മാണം നടത്തുന്നത് ഇറിഗേഷൻ വകുപ്പായതിനാൽ ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ സമിതിക്ക് നേരിട്ട് നൽകുന്നതിനായി ടി വിഷയം ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(13-8-2014-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(17-12-2014-ലെ 30294/ഡിഎ 3/12/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ (2011-14) ഒന്നാമത് റിപ്പോർട്ട് പ്രകാരമുള്ള ഖണ്ഡിക: 7 & 8 എന്നിവയിൽ സൂചിപ്പിച്ച വല്ലാർപാടം ദ്വീപിന് ചുറ്റുമുള്ള റിംഗ് ബണ്ട് റോഡ് പ്രവൃത്തിക്കും, ചുറ്റുമുള്ള വിവിധ സ്ലൂയിസുകളുടെ പുനർനിർമ്മാണത്തിനായി GIDA ഫണ്ടിൽ നിന്നും 17 കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ചിരുന്നു. ടി പ്രവൃത്തികളുടെ നിർമ്മാണം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിൽ മൈനർ ഇറിഗേഷൻ ഏകദേശം 4 കോടി രൂപ എസ്റ്റിമേറ്റ് ഉള്ള ഒരു പ്രവൃത്തി വല്ലാർപാടം ദ്വീപിന്റെ കിഴക്കുഭാഗത്തായി ആരംഭിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷന്റെ അധീനതയിലുള്ള വല്ലാർപാടം ഔട്ടർ ബണ്ടിന്റെ പുനരുദ്ധാരണവും ഔട്ടർ ബണ്ടിലുള്ള 4 എണ്ണം സ്ലൂയിസുകളുടെ പുനർനിർമ്മാണവുമാണ്

ആരംഭിച്ചിട്ടുള്ളത്. പനമ്പുകാട് പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി GIDA നടപ്പിലാക്കുന്ന റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണം നടത്തുന്നത് ഇറിഗേഷൻ വകുപ്പായതിനാൽ ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ സമിതിക്ക് നേരിട്ട് നൽകുന്നതിനായി ടി വിഷയം ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(25-2-2015-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>പൊതുമരാമത്ത് വകുപ്പിന്റെ മറുപടി</u>

(5-10-2013-ലെ 13884/ജി2/12/പൊമവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമപഞ്ചായത്തിൽപ്പെടുന്ന പനമ്പുകാട് പ്രദേശത്ത് അംബേദ്കർ ഗ്രാമം കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് വല്ലാർപാടം പനമ്പുകാട് റോഡ് ബി.എം. & ബി.സി. (ബിറ്റുമിൻ മെക്കാഡം & ബിറ്റുമിൻ കോൺക്രീറ്റ്) ചെയ്യാൻ ഷാനവാസ് എന്ന കോൺട്രാക്ടർ എഗ്രിമെന്റ് വെച്ചിട്ടുണ്ട്. ലെവൽസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡബ്ല്യു.എം.എം. (വെറ്റ് മിക്സ് മെക്കാഡം) ഉടൻ തുടങ്ങുന്നതാണ്.

(13-8-2014-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 3 (ഖണ്ഡിക 8)</u>

GIDA-യുടെ കൈവശമുള്ള 333 കോടി രൂപയിൽ നിന്നും GIDA വിഭാവനം ചെയ്തിട്ടുള്ളതും ഈ ദ്വീപിന്റെ പരിരക്ഷയും ദ്വീപുവാസികളുടെ യാത്രാക്ലേശം, ഉപ്പുവെള്ളത്തിന്റെ അനിയന്ത്രിതമായ കയറ്റം എന്നിവ പരിഹരിക്കുന്നതിനും പര്യാപ്തമായ റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണം അടിയന്തരമായി ചെയ്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ശക്തിയായ ഇടപെടൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ജലവിഭവ വകുപ്പിന്റെ മറുപടി</u>

(4-8-2014-ലെ 17331/എം.ഐ 1/13/ജവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വല്ലാർപാടം-പനമ്പുകാട് അംബേദ്കർ വില്ലേജിന്റെ അടിസ്ഥാന സൗകര്യവികസനം സംബന്ധിച്ച് ശ്രീമതി ഭുവനേശ്വരി, വല്ലാർപാടം കേരള നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതി മുമ്പാകെ സമർപ്പിച്ച ഹർജിയിൽ പരാമർശിക്കുന്ന പനമ്പുകാട് പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി GIDA നടപ്പിലാക്കുന്ന റിംഗ് ബണ്ട് റോഡ് നിർമ്മാണം നടത്തുന്നത് ഇറിഗേഷൻ വകുപ്പായതിനാൽ ഇക്കാര്യത്തിൽ

സമിതിക്ക് മറുപടി നൽകുവാനാണ് തദ്ദേശസ്വയംഭരണ വകുപ്പ് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ (ജ&ഭ) താഴെ പറയുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട് :

"വല്ലാർപാടം ദ്വീപിൽ 4900 മീ. ബണ്ട് റോഡ് മൈനർ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലാണ്. ചെയിനേജ് 0 മീ. മുതൽ 1000 മീ. വരെയും 2300 മീ. മുതൽ 2500 മീ. വരെയും 2500 മീ. മുതൽ 2700 മീ. വരെയും 4160 മീ. മുതൽ 4390 മീ. വരെയും വാഹന ഗതാഗതം നടത്താവുന്ന നിലയിലാണ്".

ജിഡ നടപ്പാക്കുന്ന "പുറംബണ്ടിന്റെ പുനർനിർമ്മാണം ചെയിനേജ് 1000 മീ. മുതൽ 2710 മീ., ചെ. 1110 മീ., ചെ. 1610 മീ., ചെ. 2300 മീ., ചെ. 2560 മീ. എന്നീ ചെയിനേജുകളിലുള്ള നാല് (4) കേടായ സ്ലൂയിസുകളുടെ പുനർനിർമ്മാണം" എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി വല്ലാർപാടം ബണ്ടിന്റെ പുനർനിർമ്മാണത്തിനും പുതിയ റോഡിന്റെ നിർമ്മാണത്തിനുമായി 505 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ വല്ലാർപാടം ബണ്ടിന്റെ പുനർനിർമ്മാണത്തിനായുള്ള 274 ലക്ഷം രൂപയുടെ വർക്ക് 1-3-2014-ൽ ടെണ്ടർ ചെയ്തു.

'ഫോർമേഷൻ ഓഫ് റോഡ് ആന്റ് സ്ലൂയിസ് പ്രൊട്ടക്ഷൻ വർക്ക് ബിറ്റ്വിൻ ദി ബണ്ട്സ് അറ്റ് സൗത്ത് ആന്റ് നോർത്ത് എന്റ് ഓഫ് ഐലന്റ് ആന്റ് കൺസ്ട്രക്ഷൻ ഓഫ് സ്ലൂയിസ് അറ്റ് ചെ. 3520 മീ.' എന്ന പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതുക്കിയ ഭരണാനുമതി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ 7 മീ. വീതിക്ക് 1 കി. മീ. പുതിയ റോഡ് നിർമ്മാണത്തിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കോസ്റ്റൽ റഗുലേറ്ററി അതോറിറ്റി എന്നിവയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

(12-11-2015-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(17-12-2014-ലെ 30294/ഡിഎ 3/12/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ (2011-14) ഒന്നാമത് റിപ്പോർട്ട് പ്രകാരമുള്ള ഖണ്ഡിക: 7&8 എന്നിവയിൽ സൂചിപ്പിച്ച വല്ലാർപാടം ദ്വീപിന് ചുറ്റുമുള്ള റിംഗ് ബണ്ട് റോഡ് പ്രവൃത്തിക്കും, ചുറ്റുമുള്ള വിവിധ സ്ലൂയിസുകളുടെ പുനർനിർമ്മാണത്തിനായി GIDA ഫണ്ടിൽ നിന്നും 17 കോടി രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ചിരുന്നു. ടി പ്രവൃത്തികളുടെ നിർമ്മാണം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ

വകുപ്പുകളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിൽ മൈനർ ഇറിഗേഷൻ ഏകദേശം 4 കോടി രൂപ എസ്റ്റിമേറ്റ് ഉള്ള ഒരു പ്രവൃത്തി വല്ലാർപാടം ദ്വീപിന്റെ കിഴക്കുഭാഗത്തായി ആരംഭിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷന്റെ അധീനതയിലുള്ള വല്ലാർപാടം ഔട്ടർ ബണ്ടിന്റെ പുനരുദ്ധാരണവും ഔട്ടർ ബണ്ടിലുള്ള 4 എണ്ണം സ്ലൂയിസുകളുടെ പുനർനിർമ്മാണവുമാണ് ആരംഭിച്ചിട്ടുള്ളത്. പനമ്പുകാട് പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി GIDA നടപ്പിലാക്കുന്ന റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണം നടത്തുന്നത് ഇറിഗേഷൻ വകുപ്പായതിനാൽ ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ സമിതിക്ക് നേരിട്ട് നൽകുന്നതിനായി ടി വിഷയം ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(25-2-2015-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 4 (ഖണ്ഡിക 9)</u>

ദ്വീപിനുചുറ്റുമായി ഉണ്ടാക്കുന്ന റിംഗ് ബണ്ട് റോഡ് ദ്വീപിന്റെ കരഭൂമിയുടെ പരിരക്ഷയ്ക്ക് പുറമെ വേലിയേറ്റ വേലിയിറക്ക സമയത്തുള്ള ഓരു വെള്ളത്തിന്റെ കടന്നുകയറ്റം തടയുന്നതിനും കൃത്യമായി സങ്കേതിക സംവിധാനത്തിന്റെ പിൻബലത്തോടെ പ്രവർത്തിക്കുന്ന സ്ലൂയിസുകൾവഴി ഓരുവെള്ളം കയറ്റിഇറക്കി പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ വരുമാനമാർഗ്ഗമായ മത്സ്യകൃഷി, ചെമ്മീൻകെട്ട് എന്നിവ ശാസ്ത്രീയമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്നതിനും വഴിതെളിക്കുമെന്ന് സമിതി വിശ്വസിക്കുന്നു. ആകയാൽ സംസ്ഥാന കൃഷി/മത്സ്യബന്ധന വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഇതിനുവേണ്ടി സാങ്കേതിക-സാമ്പത്തിക സഹായം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ മറുപടി</u>

(27-7-2013-ലെ 7442/സി1/12/മതുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കായലിൽ നിലവിലുള്ള പുറം ബണ്ടിന് തുടർച്ചയായി നിർമ്മിക്കേണ്ട റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണം ജി.ഐ.ഡി.എ./തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനോടൊപ്പം പൂർത്തീകരിക്കുകയാണെങ്കിൽ വെള്ളപ്പൊക്ക ഭീഷണി പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കും.

നെൽകൃഷിയും ചെമ്മീൻകൃഷിയും മാറിമാറി കൃഷി ചെയ്താൽ മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ വൈറസ് രോഗബാധ നിയന്ത്രണ വിധേയമാക്കി ചെമ്മീൻ/ ഓരുജലമത്സ്യ/നെൽകൃഷി സുസ്ഥിരമായി നിലനിർത്താൻ സാധിക്കുകയുള്ളൂ. ഓരുജല മത്സ്യകൃഷിക്ക് വിത്ത് കൃത്യമായി ലഭിക്കുന്നതിനുള്ള ഹാച്ചറി സാങ്കേതികവിദ്യ

നാളിതുവരെ ലഭ്യമല്ല. ആയതിനാൽ പരിമിതമായ തോതിൽ പ്രകൃതിയിൽനിന്ന് ശേഖരിക്കുന്ന കണമ്പ്, പൂമീൻ, തിരുത, കരിമീൻ എന്നിവയെ ആശ്രയിച്ച് മാത്രമേ ഓരുജല മത്സ്യകൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ.

(13-8-2014-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 5 (ഖണ്ഡിക 11)

മുളവുകാട് പ്രദേശത്തെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി GIDA/GCDA/KWA എന്നിവയുടെ ഉദ്യോഗസ്ഥന്മാർ അടിയന്തരമായി യോഗം ചേർന്ന് പ്രസ്തുത ആവശ്യത്തിലേക്കുള്ള ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(25-6-2013-ലെ 65069/ഡിഎ 3/11/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഈ പ്രദേശത്തെ കുടിവെള്ള കണക്ഷനുകൾക്കുള്ള പദ്ധതികൾ 2012-13 വർഷത്തിൽ തയ്യാറാക്കി ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ടവർക്ക് ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(13-8-2014-ലെ സമിതി യോഗം അംഗീകരിച്ചു. )

ജലവിഭവ വകുപ്പിന്റെ മറുപടി

(17-7-2014-ലെ 13632/സി2/12/ജവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മുളവുകാട് പഞ്ചായത്തിലേക്കുള്ള ശുദ്ധജലവിതരണം കൊച്ചി ശുദ്ധജല പദ്ധതിയുടെ ഭാഗമാണ്. ഈ പ്രദേശം വിതരണ ശൃംഖല അവസാനിക്കുന്ന ഭാഗമായതിനാൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. എന്നിരുന്നാലും പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഭാഗികമായി ശുദ്ധജലവിതരണം നടപ്പിലാക്കിയിട്ടുണ്ട്.

2010-2011 വർഷം പട്ടികജാതി വിഭാഗത്തിന് ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്ന പ്രോജക്ടിൽ 6 ലക്ഷം രൂപ 11-3-2011-ൽ മുളവുകാട് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. ടി ജോലി നടപ്പിലാക്കുന്നതിനായി കൊച്ചി ഡിവിഷൻ ഓഫീസിൽ നിന്നും 15-5-2012-ൽ കരാർ നൽകിയിട്ടുള്ളതാകുന്നു. ഈ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത് 92 പട്ടികജാതി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുവാനാണ്. ഉപഭോക്താക്കളിൽ നിന്നും മതിയായ രേഖകൾ കിട്ടാത്തതിനാലാണ് പ്രസ്തുത

കണക്ഷനുകൾ നൽകുന്ന ജോലിക്ക് കാലതാമസം നേരിട്ടത്. ഇതുവരെ 15 കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഉപഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ മതിയായ രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ചെയ്തുകൊടുക്കുന്നതാണ്.

(13-8-2014-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 6 (ഖണ്ഡിക 12)

മുളവുകാട് ഗ്രാമപഞ്ചായത്തിലെ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ വില്ലേജിൽ വൈദ്യുതി എത്തിച്ചേർന്നിട്ടുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റ് വലിച്ചിട്ടില്ലാത്ത പ്രദേശങ്ങൾ ഇനിയും ഉണ്ടെന്നും പുത്തൻചിറയിൽ പുതിയ റോഡ് പണിയുന്നതിന് തടസ്സമായി നിൽക്കുന്ന പഴക്കമുള്ള തേക്കിൻകഴയിലുള്ള പോസ്റ്റുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 4 ലക്ഷത്തോളം രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ട് ഇതുവരെ ഒരു നടപടിയും ആരംഭിച്ചിട്ടില്ലെന്ന് സ്ഥലവാസികൾ സമിതിയെ ധരിപ്പിക്കുകയുണ്ടായി. സമിതിയുടെ ശ്രദ്ധയിൽപ്പെട്ട മറ്റൊരു വസ്തുത പലസ്ഥലത്തും നിലവിലുള്ള ഇലക്ട്രിക് ലൈനുകൾ അപകടകരമാംവിധം താഴ്ന്നുകിടക്കുന്നതായാണ്. അപകടസാധ്യതയുള്ള പ്രസ്തുത സ്ട്രീറ്റ് ലൈനുകൾ അടിയന്തരമായി അപകടവിമുക്തമാക്കുവാനും ഇനിയും വൈദ്യുതി ലൈനുകൾ വലിച്ചിട്ടില്ലാത്ത ഭാഗങ്ങളിൽക്കൂടി അടിയന്തരമായി വൈദ്യുതി ലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. മുഖാന്തരം അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ഊർജ്ജ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

## ഊർജ്ജ വകുപ്പിന്റെ മറുപടി

(20-12-2012-ലെ 3974/സി13/12/ഊ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

15-5-2009-ൽ മുളവുകാട് ഗ്രാമപഞ്ചായത്ത് പട്ടികജാതി കോളനി വികസനത്തിനുവേണ്ടി 3,29,841 രൂപ 2994 രസീത് നമ്പറായി ബോർഡിൽ അടയ്ക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ടി പ്രവൃത്തി നടപ്പിലാക്കേണ്ട പ്രദേശങ്ങളെക്കുറിച്ചും അതിനുള്ള പ്രായോഗികതയെ സംബന്ധിച്ചുമുള്ള റിപ്പോർട്ട് അതോടൊപ്പം നൽകിയിരുന്നില്ല. 1-8-2012-ൽ സെക്രട്ടറി, മുളവുകാട് ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള 9 സ്ഥാനങ്ങൾ അറിയിച്ചത് പ്രകാരം ആയതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

7-5-2012-ൽ മുളവുകാട് ഗ്രാമപഞ്ചായത്ത് 395487 രസീത് നമ്പറായി 2,33,493 രൂപ പറയഗാട്ടുതറ, മാതപ്പാട്ടുതറ, അംബേദ്കർ കോളനി, കണ്ടതറ റോഡ് എന്നീ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി അടച്ചിട്ടുണ്ട്. ടി പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ മറ്റ് ഫണ്ടൊന്നുംതന്നെ ടി ഇനത്തിൽ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല.

റിപ്പോർട്ടിന്റെ 12-ാം ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന വൈദ്യുത ലൈനുകളുടെ അപകടാവസ്ഥ പരിഹരിച്ചിട്ടുണ്ട്. ഇതിനായി ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ച് ടി പ്രദേശത്തെ 50 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്.

(13-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 8 (ഖണ്ഡിക 14)

വേലിയേറ്റ വേലിയിറക്കം ഏറ്റവും കൂടുതൽ അനുഭവപ്പെട്ട അഴിമുഖത്തോട് ബന്ധപ്പെട്ടും കൊച്ചി കായലിനോട് ചേർന്നും കിടക്കുന്ന മറൈൻഡ്രൈവ്, കേരള ഹൈക്കോടതി പ്രദേശം മുതൽ ഗോശ്രീ പാലം തുടങ്ങുന്നതുവരെയുള്ള പ്രദേശം എന്നിവിടങ്ങളിൽ നിലവിലുള്ളതിന് പുറമെ അംബരചുംബികളായ നിരവധി കെട്ടിടങ്ങൾ/ ഫ്ലാറ്റുകൾ പണിതുവരുന്നതായി സമിതി കാണുകയുണ്ടായി. എന്നാൽ സാധുക്കളായ വല്ലാർപാടം-പനമ്പുകാട് പ്രദേശത്തെ താമസക്കാരായ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് Coastal Regulation Zone (CRZ) നിബന്ധനകളുടെ പേരിൽ കക്കൂസുപോലും പണിയാൻ പഞ്ചായത്തിൽ നിന്നും അനുമതി നൽകുന്നില്ലെന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു. ഈ അവസ്ഥയ്ക്ക് ഒരു അടിയന്തര പരിഹാരം കണ്ടെത്തണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

(29-4-2015-ലെ 63311/പി.എസ്1/2011/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 14-ലെ ശിപാർശ ശാസ്ത്രസാങ്കേതിക വകുപ്പിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. ആയതിനാൽ ബന്ധപ്പെട്ട ഫയൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ടി വകുപ്പിന് കൈമാറിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

ശാസ്ത്രസാങ്കേതിക വകുപ്പിന്റെ മറുപടി

(1-3-2013-ലെ 1532/എ 2/2012/ശാ.സാ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വിഷയം കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 20-11-2012-ൽ നടന്ന 52-ാമത് യോഗം വിശദമായി പരിശോധിക്കുകയും നിലവിലെ നിയമപ്രകാരമുള്ള നിബന്ധനകൾക്ക് അനുസൃതമായി നിയമസഭാ കമ്മിറ്റിക്ക് മറുപടി നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

തീരദേശ മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും മറ്റ് പ്രാദേശിക സമൂഹത്തിനും സുരക്ഷിതമായ ജീവിതമാർഗ്ഗം ഉറപ്പാക്കുക എന്ന ലക്ഷ്യമാണ് തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം വിഭാവനം ചെയ്യുന്നത് . തീരദേശ വിജ്ഞാപനപ്രകാരം

തീരമേഖലകൾ CRZ I (പരിസ്ഥിതിപരമായി പ്രാധാന്യമുള്ള മേഖല), CRZ II (നിർമ്മിതികൾ ഉള്ള മേഖല), CRZ III (ഗ്രാമീണ മേഖല), CRZ IV (ജല മേഖല) എന്നായി തരംതിരിച്ചിരിക്കുന്നു. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള കൊച്ചി കായലിനോട് ചേർന്ന് കിടക്കുന്ന മറൈൻഡ്രൈവ്, കേരള ഹൈക്കോടതി പ്രദേശം മുതൽ ഗോശ്രീ പാലം തുടങ്ങിയ സ്ഥലങ്ങൾ കൊച്ചിൻ കോർപ്പറേഷൻ പരിധിയിൽ ആയതിനാലും നിർമ്മിതികൾ ഉള്ള പ്രദേശങ്ങൾ ആയതിനാലും തീരദേശമേഖല II വിഭാഗത്തിൽ ഉൾപ്പെടുന്ന ഇത്തരം പ്രദേശങ്ങളിൽ നിലവിലുള്ള പാതയുടെ ഓരത്തുള്ള കരപ്രദേശത്തും അംഗീകരിക്കപ്പെട്ട കെട്ടിടങ്ങളുടെ കരഭാഗത്തും പുതിയ നിർമ്മാണം അനുവദനീയമാണ്. എന്നാൽ വല്ലാർപാടം-പനമ്പുകാട് പ്രദേശങ്ങൾ ഗ്രാമീണ മേഖലയിലാണ്. ഈ പ്രദേശങ്ങൾ തീരദേശ മേഖല III-ൽ (CRZ III) ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. CRZ III-ൽ പെടുന്ന പ്രദേശങ്ങളിൽ കായലിന്റെ വേലിയേറ്റരേഖയിൽ നിന്നും കരയിലേക്ക് 100 മീറ്റർ വികസനരഹിത മേഖലയാണ്. ഇത് കേരളത്തിലെ കായൽ ദ്വീപുകളിൽ 50 മീറ്ററുമാണ്. ഇവിടങ്ങളിൽ നിലവിലുള്ള അംഗീകൃത നിർമ്മിതികളുടെ അറ്റകുറ്റപ്പണികളോ പുനർനിർമ്മാണമോ നിലവിലുള്ള തറവിസ്തൃത സൂചിക, സ്തംഭപാദം, സാന്ദ്രത എന്നിവയ്ക്ക് മാറ്റമില്ലാതെ അനുവദിക്കാമെങ്കിലും പുതിയ നിർമ്മിതികൾ അനുവദനീയമല്ല. എന്നാൽ കക്കൂസ് അടക്കമുള്ള പൊതു സൗകര്യങ്ങൾക്ക് നിയന്ത്രണങ്ങളിൽ ഇളവ് നൽകാവുന്നതാണ് [CRZ Notification 2011 para 8 III A (iii) j]. ഇതിനായി സംസ്ഥാന തീരദേശ അതോറിറ്റിയെ പഞ്ചായത്തുകൾക്ക് സമീപിക്കാവുന്നതാണ്. ഇതുകൂടാതെ വല്ലാർപാടം-പനമ്പുകാട് പ്രദേശത്ത് പരിസ്ഥിതി പ്രാധാന്യമുള്ള മേഖലയും (CRZ I) ഉണ്ട്. CRZ I-ൽ നിർമ്മിതികൾ അനുവദനീയമല്ല.

(13-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 9 (ഖണ്ഡിക 15)</u>

വല്ലാർപാടം അംബേദ്കർ ഗ്രാമത്തിൽ നിലവിലുള്ള ശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുന്നതിനും ദഹനത്തിനായി ഒരു ചൂള സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള മുറവിളി വർഷങ്ങളായി തുടരുകയാണ്. ഈ ആവശ്യത്തിന് ഒരു അടിയന്തര പരിഹാരം ഉണ്ടാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(14-6-2012-ലെ 65098/ഡി.ബി3/11/ത.സ്വ.ഭ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

അംബേദ്കർ ഗ്രാമത്തിൽ സ്ഥിതിചെയ്യുന്ന പൊതുശ്മശാനത്തിന്റെ ചുറ്റുമതിൽ നിർമ്മാണവും ചൂള നിർമ്മാണവും സൈമൺബ്രിട്ടോ എം.എൽ.എ.യുടെ 2007-2008 വർഷത്തെ എം.എൽ.എ. ഫണ്ടിൽ നിന്നും തുക വകയിരുത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിനായി പത്ത് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു.

(5-12-2012-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 10 (ഖണ്ഡിക 16)</u>

അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിലൂടെ മാത്രമേ ഏത് പ്രദേശത്തേയും ഭൗതികമായ വളർച്ചയും വികാസവും സാദ്ധ്യമാകൂ എന്ന് സമിതി വിശ്വസിക്കുന്നു. ആകയാൽ വല്ലാർപാടം-പനമ്പുകാട് അംബേദ്കർ ഗ്രാമത്തിന്റെ സമഗ്ര പുരോഗതിക്കായി ഏതെല്ലാം തരത്തിലുള്ള ഫണ്ട് വിനിയോഗിക്കാനാകുമെന്നും അവ എവിടെനിന്ന് സ്വരൂപിക്കാനാകുമെന്നും അപ്രകാരം സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രദേശത്തെ ജനങ്ങളുടെ സമഗ്രവളർച്ചയും പുരോഗതിയും ലക്ഷ്യമിടുന്ന ഒരു പ്രോജക്ട് സമയബന്ധിതമായി തയ്യാറാക്കി നടപ്പിലാക്കണമെന്നും സമിതി തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, ആരോഗ്യം, കൃഷി, പൊതുവിദ്യാഭ്യാസം, വ്യവസായം എന്നീ വകുപ്പുകളോട് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ പ്രസ്തുത വകുപ്പുകൾ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>ജലവിഭവ വകുപ്പിന്റെ മറുപടി</u>

(19-9-2012-ലെ 13605/പി3/12/ജലവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

13-2-2012-ലെ ജി.ഒ. (ആർറ്റി.) നമ്പർ 443/2012/LSGD/Thiruvananthapuram-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വല്ലാർപാടം ദ്വീപിൽ സ്ലൂയിസുകളുടെ പുനർനിർമ്മാണത്തിനും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും ബണ്ട് റോഡുകളുടെ നിർമ്മാണത്തിനുമായി ഗോശ്രീദ്വീപ് വികസന അതോറിറ്റിയുടെ (ജിഡ) ഫണ്ടിൽ ജലവിഭവ വകുപ്പുവഴി നടപ്പാക്കാൻ 17.14 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇതിൽ 5.046 കോടി രൂപയുടെ ചെറുകിട ജലസേചന വിഭാഗം നടപ്പിലാക്കേണ്ട പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

അനുമതി ലഭിച്ചതിൽ 12.10 കോടി രൂപയുടെ വൻകിട ജലസേചന വിഭാഗത്തിന് കീഴിൽ നടപ്പിലാക്കേണ്ട മുളവുകാട് പഞ്ചായത്തിലെ സംരക്ഷണഭിത്തി നിർമ്മാണം ഉൾപ്പെടെ വല്ലാർപാടം ദ്വീപിനുചുറ്റും സംരക്ഷണ ഭിത്തിയുടെയും ബണ്ട് റോഡിന്റെയും നിർമ്മാണപ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെയും ഇൻലാന്റ് വാട്ടർ അതോറിറ്റിയുടെയും അനുമതി ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(5-12-2012-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>കൃഷി വകുപ്പിന്റെ മറുപടി</u>

(5-6-2013-ലെ 17914/എ.ജി1/12/കൃഷി നമ്പർ കത്ത് മുഖേന ലഭിച്ചത്)

സമഗ്രപുരോഗതി ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന കേരശ്രീ പദ്ധതി വല്ലാർപാടം-പനമ്പുകാട് അംബേദ്കർ ഗ്രാമത്തിലാണ്. ജനകീയാസൂത്രണ പദ്ധതി പ്രകാരം 2012-13-ൽ ടി പ്രദേശത്തെ എല്ലാ വീടുകൾക്കും പച്ചക്കറി കൃഷി വ്യാപനത്തിനായി ഗ്രോബാഗുകൾ, നടീൽ ഉപാധികൾ തുടങ്ങിയവ കൃഷിഭവൻവഴി വിതരണം ചെയ്യുന്നുണ്ട്. ഇതിനുപുറമെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണം പദ്ധതിയിൽ ചിറ/ബണ്ടുകളുടെ സംരക്ഷണത്തിനായി പദ്ധതി ആസൂത്രണ ഘട്ടത്തിലാണ്. കൂടാതെ നെൽകൃഷി ചെയ്യുവാൻ താൽപ്പര്യമുള്ള കർഷകർക്ക് പൊക്കാളി കൃഷി വികസന പദ്ധതി നടപ്പിലാക്കാൻ കൃഷി വകുപ്പ് സന്നദ്ധമാണ്.

(13-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ മറുപടി</u>

(27-7-2013-ലെ 7442/സി1/12/മ.തു.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മുളവുകാട് പഞ്ചായത്തിലെ പനമ്പുകാട് പ്രദേശത്ത് പഞ്ചായത്തിന്റെ അധീനതയിലുള്ള ഏഴോളം തോടുകളിൽനിന്ന് സ്ലൂയിസുകൾവഴി വെള്ളം കയറ്റിയിറക്കി 600 ഏക്കറോളം വരുന്ന നിലങ്ങളിൽ പരമ്പരാഗത ചെമ്മീൻ കൃഷി നിലവിൽ നടന്നുവരുന്നുണ്ട്. കായലിൽ നിന്ന് ഈ തോടുകളിലേക്ക് വെള്ളം കയറ്റുന്നതിന് നിലവിൽ ഒരു പുറം ബണ്ട് ഉണ്ട്. അതിന്റെ ഉയരം 2 മീറ്റർ ഉയർത്തി ബണ്ടിന്റെ നിലവിലുള്ള കേടുപാടുകൾ തീർത്ത് അതിൽ നിലവിലുള്ള സ്ലൂയിസ് മെയിന്റനൻസ് നടത്തി പുനഃക്രമീകരണം നടത്തി ക്രമീകരിച്ചാൽ വൃശ്ചിക വേലിയേറ്റംമൂലവും മറ്റുരീതിയിലുള്ള വെള്ളപ്പൊക്കംമൂലവും കൃഷിസ്ഥലങ്ങൾ ബണ്ട് കവിഞ്ഞ് ഒഴുകി കൃഷിനാശം സംഭവിക്കാതിരിക്കാനും സഹായിക്കും. പുറം ബണ്ടിൽ നിന്ന് കയറിവരുന്ന ഓരുജലം തോടുകൾവഴി പാടത്തേക്ക് കയറ്റുന്നത് നിലവിൽ നാലോളം കോൺക്രീറ്റ് സ്ലൂയിസുകൾ വഴിയാണ്. ഇവ നീക്കംചെയ്ത് ഉയരം കൂട്ടി പുതിയവ നിർമ്മിച്ചാൽ മാത്രമേ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. പാടങ്ങളിലേയും തോടുകളിലേയും ആഴം വേണ്ടത്ര കൂട്ടി 1.5 മീറ്റർ മുതൽ 3 മീറ്റർ വരെ ക്രമീകരിച്ചാൽ വെള്ളപ്പൊക്കം നിയന്ത്രിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കാം. മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പാക്കുമ്പോൾ കണ്ടൽക്കാടുകൾ സംരക്ഷിക്കപ്പെടേണ്ടതുമുണ്ട്. മുളവുകാട് പഞ്ചായത്തിലെ പനമ്പുകാട് പ്രദേശത്ത് ചെമ്മീൻ/മത്സ്യകൃഷി നടപ്പാക്കുന്നതിനും മത്സ്യകൃഷിയുടെ സംരക്ഷണത്തിനായുള്ള റിംഗ് ബണ്ട് നിർമ്മിക്കുന്നതിനുംവേണ്ടി മുളവുകാട് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പ്രഥമ കൂടിയാലോചന യോഗം 24-5-2013-ൽ പനമ്പുകാട് വായനശാലയിൽ വച്ച്

നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് എറണാകുളം ജില്ലയിലെ തീരദേശ വികസന കോർപ്പറേഷന്റെ എഞ്ചിനീയർമാർ സ്ഥലം സന്ദർശിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കായലിൽ നിലവിലുള്ള പുറംബണ്ടിന് തുടർച്ചയായി നിർമ്മിക്കേണ്ട റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണം ജി.ഐ.ഡി.എ./തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനോടൊപ്പം പൂർത്തീകരിക്കുകയാണെങ്കിൽ വെള്ളപ്പൊക്ക ഭീഷണി പൂർണ്ണമായി ഒഴിവാക്കാൻ സാധിക്കും.

നെൽകൃഷിയും ചെമ്മീൻ കൃഷിയും മാറിമാറി കൃഷി ചെയ്താൽ മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ വൈറസ് രോഗബാധ നിയന്ത്രണവിധേയമാക്കി ചെമ്മീൻ/ഓരുജല മത്സ്യ/നെൽകൃഷി സുസ്ഥിരമായി നിലനിർത്താൻ സാധിക്കുകയുള്ളൂ. ഓരുജല മത്സ്യകൃഷിക്ക് വിത്ത് കൃത്യമായി ലഭിക്കുന്നതിനുള്ള ഹാച്ചറി സാങ്കേതികവിദ്യ നാളിതുവരെ ലഭ്യമല്ല. ആയതിനാൽ പരിമിതമായ തോതിൽ പ്രകൃതിയിൽ നിന്ന് ശേഖരിക്കുന്ന കണമ്പ്, പൂമീൻ, തിരുത, കരിമീൻ എന്നിവയെ ആശ്രയിച്ച് മാത്രമേ ഓരുജല മത്സ്യകൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ.

മത്സ്യസമൃദ്ധി പദ്ധതി പ്രകാരം (2012-13) മുളവുകാട് പഞ്ചായത്തിൽ 26 ഹെക്ടറോളം പ്രദേശത്ത് കാരച്ചെമ്മീൻ വിത്ത് മത്സ്യവകുപ്പുവഴി നൽകിയിട്ടുണ്ട്. ബണ്ടുകളുടെയും മറ്റും നിർമ്മാണം പൂർത്തിയാക്കുന്നമുറയ്ക്ക് ചെമ്മീൻ കൃഷി വ്യാപകമായ തോതിൽ ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പിന് കഴിയുന്നതാണ്.

(13-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>പൊതുമരാമത്ത് വകുപ്പിന്റെ മറുപടി</u>

(5-10-2013-ലെ 13884/ജി2/12/പൊ.മ.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മുളവുകാട് ഗ്രാമപഞ്ചായത്തിലെ ശ്മശാനം റോഡിനുവേണ്ടി ഞാറക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പക്ഷെ പ്രസ്തുത പ്രവർത്തിക്കായുള്ള തടസ്സമില്ലാരേഖ (എൻ.ഒ.സി.) ഗ്രാമപഞ്ചായത്തിൽ നിന്ന് ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ ദ്വീപുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റിംഗ് ബണ്ട് റോഡിന്റെ അതിർത്തി അടയാളപ്പെടുത്തിക്കൊണ്ട് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിലേക്കായി ഞാറക്കൽ റോഡ്സ് അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഓവർസിയറുടെയും സേവനം ലഭ്യമാക്കിയിട്ടുള്ളതാണ്. എങ്കിലും നാളിതുവരെയും പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല.

(13-8-2014-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(12-12-2014-ലെ 1387/ഡിഎ 2/13/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

GIDA-യുടെ ഗോശ്രീ നികത്തുഭൂമിയുടെ വില്പനവഴി ലഭിച്ച തുക ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. ആയതിലേക്ക് ഇതുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം തുടങ്ങിയ വിവിധ വകുപ്പുകളുടെ സംയുക്ത സമിതി രൂപീകരിക്കാവുന്നതും മേൽനോട്ട ചുമതല ജില്ലാ കളക്ടർക്ക് നൽകേണ്ടതുമാണ്. ഇതുസംബന്ധിച്ച കത്ത് എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതും പൊതുമരാമത്ത്, ജലവിഭവം, ആരോഗ്യം, കൃഷി, തുറമുഖം, വിദ്യാഭ്യാസം എന്നീ വകുപ്പുകളെ അറിയിച്ചിട്ടുള്ളതുമാണ്. വിവിധ വകുപ്പുകളുടെ സംയുക്തമായ പ്രവർത്തനത്തിലൂടെ മാത്രമേ പനമ്പുകാട് അംബേദ്കർ ഗ്രാമത്തിന്റെ സമഗ്ര വികസനം സാധ്യമാകൂ എന്ന വിവരം സമിതിയെ അറിയിക്കുന്നു.

25-2-2015-ലെ സമിതി യോഗം പരിഗണിക്കുകയും ചുവടെ ചേർക്കുംപ്രകാരം തുടർ ശിപാർശ നൽകുകയും ചെയ്തു :

<u>സമിതിയുടെ തുടർ ശിപാർശ</u>

(i) സമഗ്രമായ ഒരു അന്തിമ റിപ്പോർട്ട് ലഭ്യമാക്കുക.

(ii) സ്വയംപര്യാപ്തത പട്ടികജാതി ഗ്രാമങ്ങൾ എന്ന പദ്ധതി (ഹാംലെറ്റ് പദ്ധതി)യുടെ അടുത്ത ഘട്ടത്തിൽ കോളനിയുടെ സമഗ്ര വികസനംകൂടി ഉൾപ്പെടുത്തുക.

<u>തുടർ ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(17-8-2015-ലെ 1387/ഡിഎ 2/13/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വല്ലാർപാടം ബണ്ടിലുള്ള 5 സ്ലൂയിസുകളുടെ പുനർനിർമ്മാണത്തിനായി 5,05,00,000 രൂപയുടെ (അഞ്ച് കോടി അഞ്ച് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ വകുപ്പ് സമർപ്പിക്കുകയും ജി.ഒ. (ആർറ്റി.) 443/2012/എൽ.എസ്.ജി.ഡി. തിരുവനന്തപുരം തീയതി 13-2-2012 പ്രകാരം ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മൈനർ ഇറിഗേഷന് അനുവദിച്ച 5,05,00,000-ൽ 4 സ്ലൂയിസുകളുടെ പുനർനിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങളുടെ പണിക്കുമായി 274 ലക്ഷം രൂപയുടെ പണി ടെണ്ടർ ചെയ്ത് പണി പുരോഗമിക്കുന്നു. ബാക്കിയുള്ള തുകയുടെ പണികളുടെ എസ്റ്റിമേറ്റ് മൈനർ ഇറിഗേഷൻ സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. മേജർ ഇറിഗേഷൻ ഏറ്റെടുത്തിട്ടുള്ള റിംഗ് ബണ്ട് റോഡിന്റെ നിർമ്മാണത്തിനായി 12.05 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുവദിച്ച് കിട്ടിയിട്ടുള്ളതും ടി പ്രോജക്ട് സാങ്കേതികാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

(30-12-2014-ലെ 59166/പി3/12/ആകുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വല്ലാർപാടം പനമ്പുകാട് പ്രദേശത്തെ താമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഭൗതിക വളർച്ചയ്ക്കും വികാസത്തിനും വേണ്ടി വല്ലാർപാടം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ കൊതുക് നിവാരണത്തിനായി 50,000 രൂപയും വാർഡ് സാനിറ്റേഷൻ ഫണ്ടായി 1,60,000 രൂപയും (16 വാർഡുകൾക്ക് 10,000 രൂപ വീതം) അനുവദിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ഫണ്ടിൽനിന്ന് പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റിന് 2,95,000 രൂപയും അത്യാവശ്യ മരുന്നുകൾക്ക് 1,50,000 രൂപയും പട്ടികജാതി വിഭാഗത്തിന് വികലാംഗ സഹായ ഉപകരണങ്ങൾക്കായി 1,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

25-2-2015-ലെ സമിതിയോഗം പ്രസ്തുത ഗവൺമെന്റ് മറുപടി പരിഗണിക്കുകയും ചുവടെ ചേർക്കുന്ന അധികവിവരം ആരായുകയും ചെയ്തു :

## സമിതി ആരാഞ്ഞ അധികവിവരം

വല്ലാർപാടം പനമ്പുകാട് അംബേദ്കർ ഗ്രാമത്തിന്റെ പുരോഗതി സംബന്ധിച്ച് സമഗ്രമായ അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ എന്ന പദ്ധതി (ഹാംലെറ്റ് പദ്ധതി)യുടെ അടുത്ത ഘട്ടത്തിൽ കോളനിയുടെ സമഗ്ര വികസനംകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

## ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമായ അധികവിവരം

(8-9-2015-ലെ 203026/പി3/2015/ആകുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വല്ലാർപാടം-പനമ്പുകാട് പ്രദേശത്തെ താമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ഭൗതിക വളർച്ചയ്ക്കും വികാസത്തിനും ലക്ഷ്യമിടുന്ന മുകളിൽ പറഞ്ഞ പദ്ധതികൾക്കുപുറമെ പുതിയ പ്രോജക്ടുകളൊന്നും ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നിലവിലില്ല.

(19-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## വ്യവസായ വകുപ്പിന്റെ മറുപടി.

(13-8-2015-ലെ 19118/എഫ്2/2015/വ്യവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഏകദേശം 350-ൽ പരം പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടുന്ന വല്ലാർപാടം-പനമ്പുകാട് അംബേദ്കർ ഗ്രാമത്തിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ മുളവുകാട് ഗ്രാമപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ആരംഭിച്ച 23 ലക്ഷം രൂപ അടങ്കൽ തുകയുള്ള പനമ്പുകാട് വനിതാ പട്ടികജാതി വ്യവസായ കേന്ദ്രത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ 22,38,059 രൂപ ചെലവഴിച്ചിട്ടുള്ളതായും,

പ്രസ്തുത കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷനും അനുബന്ധ സൗകര്യങ്ങളും ഒരുക്കി പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന 10 പേർ ഉൾപ്പെട്ട സ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകുന്നതിനായിട്ടാണ് പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളത്.

മുളവുകാട് പഞ്ചായത്തിന്റെ 2013-14 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട മൂന്ന് പേർക്ക് 1,50,000 രൂപ സബ്സിഡിയും (50,000 രൂപ നിരക്കിൽ 3 പേർക്ക്) ബാക്കി ആവശ്യമായ തുകയ്ക്ക് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയും ഉൾപ്പെടുത്തി 3 ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള ധനസഹായം നൽകിയിരുന്നു. അതുപോലെതന്നെ ഇടപ്പള്ളി ബ്ലോക്കിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് 2013-14 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 2 പേർക്ക് 1,00,000 രൂപ സബ്സിഡിയും (50,000 രൂപ നിരക്കിൽ 2 പേർക്ക്) ബാക്കി ആവശ്യമായ തുകയ്ക്ക് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയും ഉൾപ്പെടുത്തി 2 ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള ധനസഹായം ചെയ്യുകയുണ്ടായി.

ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രകാരം 2012-13 വർഷത്തിൽ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട 10 വനിതകൾ വീതം ഉൾപ്പെടുന്ന 5 സ്വയംസഹായ സംഘങ്ങൾക്ക് 5 ലക്ഷം രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പയും ഉൾപ്പെടെ ആകെ 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പ്രോജക്ട് പ്രകാരം 5 പട്ടികജാതി വനിത സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുകയും പ്രസ്തുത യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള വിവരങ്ങൾ സമിതിയെ അറിയിക്കുന്നു.

(7-10-2015-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മറുപടി</u>

(3-8-2015-ലെ 37490/ഫി2/2015/പൊവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

എറണാകുളം ജില്ലയിലെ വല്ലാർപാടം പനമ്പുകാട് വില്ലേജിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളൊന്നും നിലവിലില്ല. എന്നാൽ പ്രൈമറി, സെക്കന്ററി തലങ്ങളിലായി ഒരു പ്രൈമറി സ്കൂൾ സർക്കാർ മേഖലയിലും 3 സ്കൂളുകൾ എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് എൽ.പി. സ്കൂളിലെ കുട്ടികളെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിവരുന്ന ഉച്ചഭക്ഷണപരിപാടി, പാൽവിതരണം തുടങ്ങിയ പദ്ധതികൾക്കെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രദേശത്തുള്ള എയ്ഡഡ് സ്കൂളായ സെന്റ് ആന്റണീസ് ഇംഗ്ലീഷ് മീഡിയം എൽ.പി. സ്കൂളിന് സർവ്വ ശിക്ഷാ അഭിയാൻ

പദ്ധതി മുഖേന വർഷം തോറും 5,000 രൂപ സ്കൂൾ ഗ്രാന്റും നടപ്പുഅക്കാദമിക് വർഷം മുതൽ ഓരോ അദ്ധ്യാപകനും 500 രൂപ ടീച്ചർ ഗ്രാന്റും കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകവും നൽകിവരുന്നു.

എന്നാൽ, പൊതുവിദ്യാഭ്യാസ വകുപ്പിലെ സാമ്പത്തിക പരിമിതി കാരണം സമിതിയുടെ ശിപാർശയനുസരിച്ച് വല്ലാർപാടം-പനമ്പുകാട് അംബേദ്കർ ഗ്രാമത്തിന്റെ സമഗ്രപുരോഗതിക്കായി വിദ്യാഭ്യാസ മേഖലയിൽ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ വകുപ്പിന് കഴിഞ്ഞിട്ടില്ല.

(7-10-2015-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## അദ്ധ്യായം III

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളതുമായ ഖണ്ഡിക

### ശിപാർശ നമ്പർ 7 (ഖണ്ഡിക 13)

ഈ സങ്കേതത്തിൽ ഇനിയും പട്ടയം ലഭിക്കാത്ത കുടുംബങ്ങൾ ഉള്ളതായി സമിതി മനസ്സിലാക്കുന്നു. കൃഷിയും മത്സ്യബന്ധനവും ഉപജീവനമാർഗ്ഗമാക്കി ജീവിച്ചവരുടെ പിൻതലമുറക്കാരാണ് പ്രസ്തുത പ്രദേശത്ത് നിലവിൽ താമസിച്ചുവരുന്ന പട്ടികജാതിക്കാർ. ആകയാൽ ഇവർക്ക് പട്ടയം നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ കണ്ടെത്തുന്നതിന് ഒരു അദാലത്ത് സംഘടിപ്പിക്കണമെന്നും പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ റവന്യൂ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### റവന്യൂ വകുപ്പിന്റെ മറുപടി

(10-8-2015-ലെ 43271/എ 3/2015/റവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വല്ലാർപാടം-പനമ്പുകാട് പ്രദേശത്തെ വിവിധ സങ്കേതങ്ങൾ, കോളനികൾ എന്നിവയിലായി ഏകദേശം 368 പട്ടികജാതി വിഭാഗത്തിലുള്ള കുടുംബങ്ങൾ ഉള്ളതിൽ 43 കുടുംബങ്ങൾക്ക് 2009-ലെ സർവ്വേ പ്രകാരം സ്വന്തമായി ഭൂമി ഇല്ലാത്തതാണ്. വീട് വച്ച് താമസിക്കുന്നവർക്ക് വൈദ്യുതി കണക്ഷനും കുടിവെള്ളവും ഉള്ളതാണ്. മേൽപ്പറഞ്ഞ കൈവശഭൂമി തീരദേശപരിപാലന നിയമപരിധിയിൽപ്പെട്ടതിനാലും ജന്മതക്കാരുടെ അധീനതയിലുള്ളതിനാലും ടി ഭൂമിയിൽ പാലിയംവക പാട്ടം ഉൾപ്പെട്ടതിനാലും ടി പാട്ടഭൂമിക്ക് ലാൻഡ് ട്രൈബ്യൂണൽ മുഖേന പട്ടയം നൽകേണ്ടതുള്ളതിനാലും പ്രസ്തുത സ്ഥലം സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലവിലുള്ളതിനാലുമാണ് ഭൂമി പതിവ് നടപടി സ്വീകരിക്കാൻ സാധിക്കാത്തത്.

ടി പ്രദേശത്തെ പട്ടയം നൽകുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിലേക്കായി, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ ശിപാർശ അംഗീകരിച്ച് 7-8-2015-ന് മുൻപ് വില്ലേജുതല അദാലത്ത് സംഘടിപ്പിക്കുന്നതിനായി കണയന്നൂർ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായും തദവസരത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ പങ്കാളിത്തം ഉണ്ടാകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

<u>റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ച അധികവിവരം</u>

(18-8-2015-ലെ 43271/എ 3/2015/റവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ബഹു. സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 6-8-2015-ന് മുളവുകാട് വില്ലേജിൽ പനമ്പുകാട് പൊതുമന്ദിരത്തിൽവച്ച് കണയന്നൂർ തഹസിൽദാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ അദാലത്ത് നടത്തുകയുണ്ടായി. അദാലത്ത് സംബന്ധിച്ച് പ്രാദേശിക വർത്തമാനപത്രങ്ങൾ, ഫ്ലക്സ് ബോർഡുകൾ, വാർഡ് മെമ്പർമാർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ മുഖേന വ്യാപകമായ പരസ്യങ്ങൾ നടത്തുകയുണ്ടായി. അദാലത്തിൽ 33 കുടുംബങ്ങൾ പങ്കെടുത്തിട്ടുള്ളതാണ്. അദാലത്തിൽ പങ്കെടുത്തവരിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(1) അദാലത്തിൽ പങ്കെടുത്ത കുടുംബങ്ങളുടെ എണ്ണം —33

(2) പട്ടയം ലഭിക്കേണ്ട കുടുംബങ്ങളുടെ എണ്ണം —22

(3) പട്ടയം നഷ്ടപ്പെട്ടതിനാൽ പട്ടയപ്പകർപ്പ് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം —4

(4) പട്ടയം ലഭിച്ച വസ്തുവിനോട് ചേർന്നുകിടക്കുന്ന വസ്തുവിന് പട്ടയം ലഭിക്കേണ്ട കുടുംബങ്ങളുടെ എണ്ണം —2

(5) പട്ടയം ലഭിക്കേണ്ട വസ്തുവിൽ വീട് വച്ച് താമസിക്കുന്നവരുടെ എണ്ണം —20

(6) പട്ടയം ലഭിക്കേണ്ട വസ്തുവിൽ വീട് ഇല്ലാത്തവരുടെ എണ്ണം —2

(7) പട്ടയം ലഭിക്കേണ്ട 22 കേസുകളിലും സ്പെഷ്യൽ തഹസിൽദാർ (എൽ.റ്റി.) തൃപ്പൂണിത്തുറയാണ് പട്ടയം ലഭിക്കേണ്ട അധികാരി. ഇവയിൽ 7 കുടുംബങ്ങളുടെ അപേക്ഷ (എൽ.റ്റി.) ഓഫീസിൽ നടപടിയിലിരിക്കുന്നതും ഒരു അപേക്ഷ (എൽ.റ്റി.) അപ്പലേറ്റ് അതോറിറ്റി നിരസിച്ചിട്ടുള്ളതുമാണ്.

(8) പട്ടയം ലഭിക്കാത്ത രണ്ട് കേസുകളിൽ കൈവശഭൂമി, കൈവശക്കാരുടെ പേരിൽ വില്ലേജ് റിക്കാർഡുകളിൽ പതിഞ്ഞിട്ടുള്ളതാണ്.

(9) പട്ടയവസ്തുവിന്റെ പോക്കുവരവിനുവേണ്ടി അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം —1

(10) പട്ടയം ലഭിച്ച ഭൂമിയിൽ അവകാശ തർക്കം നിലവിലുള്ള കേസുകളുടെ എണ്ണം —2

(11) വില്ലേജ് റിക്കാർഡിൽ നിലം എന്നത് പുരയിടമാക്കി കിട്ടുന്നതിന് വേണ്ടിയുള്ള അപേക്ഷകരുടെ എണ്ണം —2

കൈവശഭൂമി വില്ലേജ് റിക്കാർഡുകളിൽ ജന്മിമാരുടെ പേരിൽ പതിഞ്ഞുകിടക്കുന്നതിനാൽ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ലാൻഡ് ട്രൈബ്യൂണൽ മുഖേന അപേക്ഷ സമർപ്പിച്ച് പട്ടയം ലഭ്യമാകുന്നതിന് കക്ഷികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ലാൻഡ് ട്രൈബ്യൂണൽ നടപടികൾ പൂർത്തിയാക്കി പട്ടയം നൽകുന്നതിലേക്ക് സ്പെഷ്യൽ തഹസിൽദാർ (എൽ.റ്റി.)-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിക്കുന്നു.

19-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന അധിക വിവരം ആരായുകയും ചെയ്തു :

<u>സമിതി ആരാഞ്ഞ അധികവിവരം</u>

വല്ലാർപാടം പനമ്പുകാട് അംബേദ്കർ കോളനിവാസികൾക്ക് പട്ടയവും കൈവശരേഖയും നൽകുന്നതിന് ആവശ്യമായ നടപടി ഉടൻ സ്വീകരിച്ച് മൂന്ന് മാസത്തിനകം റിപ്പോർട്ട് നൽകുക.

<u>സമിതിയുടെ തുടർ ശിപാർശ</u>

<u>വല്ലാർപാടം പനമ്പുകാട് അംബേദ്കർ കോളനി നിവാസികൾക്ക് പട്ടയവും കൈവശരേഖയും നൽകുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്നും അതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 14.